

എ.വൈ.ആർ

സൂറ-20

# താഹാ

**ആയത്ത് 89 മുതൽ 94 വരെ**

സാമിരി ആപത്തിന്റെ മണിമുഴക്കിയപ്പോൾ തന്നെ പ്രവാചകൻ എന്ന നിലക്കും മുഖ്യ പ്രവാചകന്റെ പ്രതിനിധി എന്ന നിലക്കുമുള്ള ഉത്തര വാദിത്വം ഹാറൂൻ നിർവഹിച്ചിട്ടുണ്ട്. അദ്ദേഹം ജനങ്ങളെ ഉൽബോ ധിപ്പിച്ചു: ഇതു നിങ്ങൾക്കൊരു മഹാപരീക്ഷണമാകുന്നു. അല്ലാഹു വിലും അവന്റെ ദൂതനായ മൂസായിലും ഉള്ള നമ്മുടെ വിശ്വാസവും കൂറും കാമ്പുള്ളതാണോ കാപട്യമാണോ എന്നു പരീക്ഷിക്കുകയാ ണിവിടെ. സാമിരിക്ക് വഴങ്ങിയാൽ ഈ പരീക്ഷയിൽ നിങ്ങൾ തോറ്റു പോകും.

أَفَلَا يَرَوْنَ أَلَّا يَرْجِعُ إِلَيْهِمْ قَوْلًا وَلَا يَمْلِكُ لَهُمْ ضَرًّا وَلَا نَفْعًا ﴿٨٩﴾

**89.** ആ കാളക്കിടാവിന് അവരോട് പ്രതിവചിക്കാനും അപകാരമോ ഉപകാരമോ ചെയ്യാനും കഴിവില്ലെന്ന് ഈ ജനം കാണുന്നില്ലെയോ?

وَلَقَدْ قَالَ لَهُمْ هَٰرُونُ مِن قَبْلُ يَٰقَوْمِ إِنَّمَا فُتِنتُم بِهِۦ ۖ وَإِنَّ رَبَّكُمُ ٱلرَّحْمَٰنُ فَٱتَّبِعُونِى وَأَطِيعُوٓا۟ أَمْرِى ﴿٩٠﴾

**90.** ഹാറൂൻ ആദ്യമേ ജനത്തെ ഉപദേശിച്ചിട്ടുണ്ടായിരുന്നു: എന്റെ ജനമേ, ഇതു വഴി നിങ്ങൾ പരീക്ഷിക്കപ്പെട്ടിരിക്കുകയാകുന്നു. നിങ്ങളുടെ വിധാതാവ് തീർച്ചയായും പരമകാരുണികനാകുന്നു. ആകയാൽ എന്നെ പിന്തുടരുവിൻ, ഞാൻ പറയുന്നത് അനുസരിക്കുവിൻ

قَالُوا۟ لَن نَّبْرَحَ عَلَيْهِ عَٰكِفِينَ حَتَّىٰ يَرْجِعَ إِلَيْنَا مُوسَىٰ ﴿٩١﴾

**91.** ജനം പറഞ്ഞു: മൂസാ തിരിച്ചെത്തുവോളം ഞങ്ങൾ ഈ മൂർത്തിയെത്തന്നെ ആരാധിച്ചു കൊണ്ടിരിക്കും.

قَالَ يَٰهَٰرُونُ مَا مَنَعَكَ إِذْ رَأَيْتَهُمْ ضَلُّوٓا۟ ﴿٩٢﴾

**92.** മൂസാ സഹോദരനോടു ചോദിച്ചു: ഹേ, ഹാറൂൻ, ജനം വഴി പിഴച്ചതുകണ്ടപ്പോൾ നിന്നെ നിഷ്ക്രിയനാക്കിയതെന്തായിരുന്നു?

أَلَّا تَتَّبِعَنِ ۖ أَفَعَصَيْتَ أَمْرِى ﴿٩٣﴾

**93.** എന്റെ മാർഗദർശനം പിന്തുടരാതിരിക്കാൻ; നീ എന്റെ കൽപന ധിക്കരിക്കുകയായിരുന്നുവോ?

قَالَ يَبْنَؤُمَّ لَا تَأْخُذْ بِلِحْيَتِى وَلَا بِرَأْسِىٓ ۖ إِنِّى خَشِيتُ أَن تَقُولَ فَرَّقْتَ بَيْنَ بَنِىٓ إِسْرَٰٓءِيلَ وَلَمْ تَرْقُبْ قَوْلِى ﴿٩٤﴾

**94.** ഹാറൂൻ ബോധിപ്പിച്ചു: എന്റെ മാതൃപുത്രാ, എന്റെ താടിയും തലയും പിടിച്ചുവലിക്കല്ലേ! ഇസ്റാഈൽ മക്കളെ നീ ഭിന്നിപ്പിച്ചു, എന്റെ വാക്കിനു കാത്തിരുന്നില്ല എന്ന് നീ ആക്ഷേപിക്കുമെന്നു ഭയപ്പെട്ടതായിരുന്നു ഞാൻ.

അവർ (ജനം) കാണുന്നില്ലെയോ=أَفَلَا يَرَوْنَ

അതവരിലേക്ക് വാക്കാൽ മടങ്ങാതിരിക്കൽ (അവരോട് പ്രതിവചിക്കുന്നില്ലെന്നും)=أَلَّا يَرْجِعُ إِلَيْهِمْ قَوْلًا

അത് അവർക്കു വേണ്ടി അപകാരമോ ഉപകാരമോ ഉടമപ്പെടുത്തുന്നില്ല = وَلَا يَمْلِكُ لَهُمْ ضَرًّا وَلَا نَفْعًا

(അപകാരമോ ഉപകാരമോ ചെയ്യാൻ കഴിവില്ലെന്നും)

മുമ്പിനാൽ, ആദ്യമേ=مِن قَبْلُ തീർച്ചയായും ഹാറൂൻ അവരെ ഉപദേശിച്ചിട്ടുണ്ടായിരുന്നു=وَلَقَدْ قَالَ لَهُمْ هَٰرُونُ

അ(ഇ)തു വഴി=بِهِۦ ۖ നിങ്ങൾ പരീക്ഷിക്കപ്പെട്ടിരിക്കുക തന്നെയാകുന്നു=إِنَّمَا فُتِنتُم എന്റെ ജനമേ=يَٰقَوْمِ

പരമ കാരുണികനാകുന്നു=ٱلرَّحْمَٰنُ തീർച്ചയായും നിങ്ങളുടെ വിധാതാവ്=وَإِنَّ رَبَّكُمُ

അനുസരിക്കുവിൻ=وَأَطِيعُوٓا۟ ആകയാൽ നിങ്ങൾ എന്നെ പിന്തുടരുവിൻ=فَٱتَّبِعُونِى

أَمْرِى=എന്റെ കൽപന (ഞാൻ പറയുന്നത്) قَالُوا=അവർ (ജനം) പറഞ്ഞു
لَن نَّبْرَحَ عَلَيْهِ عَٰكِفِينَ = (ഈ മൂർത്തിയെ ആരാധിച്ചുകൊണ്ടിരിക്കുക തന്നെ ചെയ്യും) ഞങ്ങൾ അതിനു ഭജനമിരിക്കുന്നവരായിക്കൊണ്ടേയിരിക്കും
حَتَّىٰ يَرْجِعَ إِلَيْنَا مُوسَىٰ=മൂസാ ഞങ്ങളിലേക്കു മടങ്ങുന്നതുവരെ قَالَ=മൂസാ (സഹോദരനോടു ചോദിച്ചു) പറഞ്ഞു
يَٰهَٰرُونُ=ഹേ, ഹാറൂൻ مَا مَنَعَكَ=നിന്നെ തടഞ്ഞതെന്ത് (നിഷ്ക്രിയനാക്കിയത് എന്താണ്)
إِذْ رَأَيْتَهُمْ ضَلُّوٓا۟=അവരെ (ജനം) വഴിപിഴച്ചതായി നീ കണ്ടപ്പോൾ
أَلَّا تَتَّبِعَنِ=നീ എന്നെ (ന്റെ മാർഗ ദർശനം) പിന്തുടരാതിരിക്കാൻ أَفَعَصَيْتَ=നീ ധിക്കരിക്കുകയായിരുന്നുവോ
أَمْرِى=എന്റെ കൽപന قَالَ=(ഹാറൂൻ ബോധിപ്പിച്ചു) പറഞ്ഞു يَبْنَؤُمَّ=എന്റെ മാതൃപുത്രാ
لَا تَأْخُذْ=നീപിടിക്കരുത് (പിടിച്ചു വലിക്കല്ലേ) بِلِحْيَتِى=എന്റെ താടി وَلَا بِرَأْسِىٓ=എന്റെ തലമുടിയും
إِنِّى خَشِيتُ=തീർച്ചയായും ഞാൻ ഭയപ്പെട്ടതായിരുന്നു أَن تَقُولَ=നീ പറയുന്നതിനെ (ആക്ഷേപിക്കുമെന്ന്)
فَرَّقْتَ=നീ ഭിന്നിപ്പിച്ചു بَيْنَ بَنِىٓ إِسْرَٰٓءِيلَ=ഇസ്റാഈൽ മക്ക(ളെ)ൾക്കിടയിൽ وَلَمْ تَرْقُبْ=നീ കാത്തിരുന്നുമില്ല
قَوْلِى=എന്റെ വാക്ക് (ക്കിനു)

## 89

ഗോപ്രതിമയെ ദൈവമാക്കിയ പാമരന്മാരുടെ മൗഢ്യത്തിൽ അത്ഭുതം കൂറുകയാണിത്. വക്താവ് അല്ലാഹുവാകാം, സാമിരിയെ എതിർത്ത ഇസ്രാഈലി നേതാക്കളുമാകാം. രണ്ടായാലും ആശയത്തിൽ അന്തരമില്ല. സാരമിതാണ്: ഒരു വസ്തു ആരാധനാർഹമാകണമെങ്കിൽ അത് ആരാധകരെക്കാൾ ഉയർന്ന അധികാരപദവികളും കഴിവുകളും ഉള്ളതും ആരാധകരുടെ ആവശ്യങ്ങളോടു പ്രതികരിക്കുന്നതും അവരെ രക്ഷിക്കാനും സംഹരിക്കാനും കഴിയുന്നതുമായിരിക്കണം. പക്ഷെ ഈ പ്രതിമ അവർ പറയുന്നതിനൊന്നും മറുപടി പറയുന്നില്ലെന്നും ഉപകരിക്കുകയോ ഉപദ്രവിക്കുകയോ ചെയ്യുന്നില്ലെന്നും ഈ മൂഢന്മാർ കാണുന്നില്ലേ? എക്കാലത്തുമുള്ള എല്ലാ വിഗ്രഹാരാധകരോടുമുള്ള ചോദ്യമാണിത്. يَرْجِعُ إِلَيْهِمْ قَوْلًا എന്ന വാക്കിലെ يَرْجِعُ യെ സകർമകമായും അകർമകമായും ഉപയോഗിക്കും. അകർമ്മകമാകുമ്പോൾ 'വാക്കിനാൽ അവരിലേക്കു മടങ്ങുന്നില്ല' എന്നും സകർമകമാകുമ്പോൾ അവർക്ക് വചനത്തെ മടക്കുന്നില്ല എന്നുമാണർഥം. രണ്ടിന്റെയും ആശയം ഒന്നു തന്നെയാണ്. ഇവിടെ ഗോവിഗ്രഹത്തിന്റെ പ്രതിവചനമില്ലായ്മയെ എടുത്തു പറഞ്ഞതിന് സവിശേഷമായ ഔചിത്യമുണ്ട്. അതിന്റെ മുക്രയിടലിനെയാണല്ലോ പാമര ജനം ദിവ്യത്വമായി കാണുന്നത്. ശബ്ദം ജൈവികവും സാർഥകവും ആവുക അത് ആശയവിനിമയോപാധിയാകുമ്പോഴാണ്. സ്വന്തം ആശയം മറ്റുള്ളവരിലേക്ക് വിനിമയം ചെയ്യുന്നതും അവരുടെ ആശയം ഉൾക്കൊണ്ട് പ്രതികരിക്കുന്നതുമാണ് സാർഥകമായ ശബ്ദം. ഇവിടെ ഈ പശുക്കിടാവ് ജീവനുള്ള പശുക്കിടാവ് മുക്രയിടുന്ന ശബ്ദം പുറപ്പെടുവിക്കുകമാത്രമേ ചെയ്യുന്നുള്ളൂ. അതിനപ്പുറം മറ്റുള്ളവരുടെ ശബ്ദത്തിന്റെ ആശയം ഉൾക്കൊള്ളുകയോ അതിനോട് പ്രതികരിക്കുകയോ ഒന്നും ചെയ്യുന്നില്ല. ദിവ്യത്വം പോകട്ടെ, സാമാന്യ ജീവനും ബോധവുമുണ്ടെങ്കിൽ അത്രയെങ്കിലും കഴിയേണ്ടതാണ്. തങ്ങളെ കേൾക്കാനോ പ്രതിവചിക്കാനോ കഴിയാത്ത ഒന്നിന് തങ്ങളെ രക്ഷിക്കാനും ശിക്ഷിക്കാനും കഴിവുണ്ടായിരിക്കുകയില്ല. ലളിതമായ ഈ സത്യംപോലും ഈ മൂഢന്മാർ മനസ്സിലാക്കാത്തത് കഷ്ടം തന്നെ.

## 90

സമുദായത്തിന്റെ ഗുരുതരമായ മാർഗഭ്രംശത്തിൽ പ്രവാചകൻ ഹാറൂൻ പൂർണമായും നിരപരാധിയാണെന്ന് വെളിപ്പെടുത്തുകയാണിവിടെ. മുക്രയിടുന്ന പശുക്കിടാവിനെ വാർത്ത കുറ്റം അദ്ദേഹത്തിൽ ചുമത്തിക്കൊണ്ടുള്ള ബൈബിൾ ഭാഷ്യത്തിനുള്ള മറുപടി കൂടിയാണിത്. "മോശെ പർവതത്തിൽ നിന്ന് ഇറങ്ങിവരാൻ വൈകുന്നതുകണ്ട് ജനം അഹ്റോന്റെ ചുറ്റും കൂടി പറഞ്ഞു: എഴുന്നേൽക്കൂ ഞങ്ങളെ നയിക്കാൻ ഞങ്ങൾക്ക് ദൈവത്തെ ഉണ്ടാക്കിത്തരിക. ഞങ്ങളെ മിസ്രയീം ദേശത്തുനിന്ന് പുറപ്പെടുവിച്ചുകൊണ്ടുവന്ന പുരുഷനായ ഈ മോശെക്ക് എന്തു സംഭവിച്ചു എന്ന് ഞങ്ങൾ അറിയുന്നില്ലല്ലോ. അപ്പോൾ അഹ്രോൻ അവരോടു പറഞ്ഞു: നിങ്ങളുടെ ഭാര്യമാരുടെയും പുത്രന്മാരുടെയും പുത്രിമാരുടെയും കാതിലെ പൊൻകുണുക്ക് പറിച്ച് എന്റെ അടുക്കൽ കൊണ്ടുവരുവിൻ. ജനം ഒക്കെയും തങ്ങളുടെ പൊൻകുണുക്കു പറിച്ച് അഹ്റോന്റെ അടുക്കൽ കൊണ്ടുവന്നു. അവൻ അതു വാങ്ങി ഒരു കൊത്തുളികൊണ്ട് രൂപം നൽകി ഒരു കാളക്കുട്ടിയെ വാർത്തുണ്ടാക്കി. അപ്പോൾ അവർ പറഞ്ഞു: ഇസ്രായേലേ, ഇതു നിന്നെ മിസ്രയിംദേശത്തുനിന്ന് കൊണ്ടുവന്ന നിന്റെ ദൈവം ആകുന്നു. അഹ്റോൻ അതു കണ്ടാറെ അതിനു മുമ്പാകെ ഒരു യാഗപീഠം പണിത്, നാളെ യഹോവയ്ക്ക് ഒരു ത്സവം എന്നു വിളിച്ചു പറഞ്ഞു" (പുറപ്പാട് 32:1–5). തുടർന്ന് 32: 25–29 വചനങ്ങളിൽ, കാളക്കിടാവിനെ ആരാധിക്കുക എന്ന പാപം ചെയ്തതിന്റെ പേരിൽ ഒറ്റ ദിവസം തന്നെ മൂവായിരം പേരെ വധശിക്ഷക്ക് വിധേയരാക്കിയതായി പറയുന്നുണ്ട്. അക്കൂട്ടത്തിൽ പക്ഷെ ഹാറൂൻ ശിക്ഷിക്കപ്പെട്ടതായി പറയു

ന്നില്ല. എന്നല്ല അദ്ദേഹത്തിനും അദ്ദേഹത്തിന്റെ സന്തതികൾക്കും ഉയർന്ന പദവികൾ ലഭിച്ചതായും കാണാം. ലേവ്യരുടെ നേതൃത്വവും വിശുദ്ധ പൗരോഹിത്യത്തിന്റെ ശ്രേഷ്ഠതയും ഹാറൂനിനും കുടുംബത്തിനും നൽകിയതായി സംഖ്യാപുസ്തകം 18:1-7 പ്രസ്താവിക്കുന്നു. എന്നിട്ടും ഖുർആന് ഇക്കാര്യത്തിൽ തെറ്റു പറ്റി എന്നു ശഠിക്കുകയാണ് ചില ക്രൈസ്തവ പുരോഹിതന്മാർ.

ജനങ്ങൾ ഗോപൂജയിലേർപ്പെട്ടതിൽ ഹാറൂനിന്ന് ഒരുത്തരവാദിത്വവുമില്ലെന്ന് അസന്ദിഗ്ധമായി പ്രസ്താവിച്ചിരിക്കുകയാണ് ഖുർആൻ. ഒരു പ്രവാചകന്റെ അവസ്ഥയുമായി ഏറ്റം ഇണങ്ങുന്നതും ഇതാണ്. പ്രവാചകന്മാരുടെ പ്രഥമവും പ്രധാനവുമായ ദൗത്യം പ്രബോധിതരെ ഏകദൈവാരാധനയിലേക്ക് ക്ഷണിക്കുകയും വിഗ്രഹാരാധന നിരോധിക്കുകയുമാണ്. അതേ പ്രവാചകൻ, ജനങ്ങൾ ഒരു വിഗ്രഹം വേണമെന്ന് പറഞ്ഞപ്പോൾ അത് സ്വയം കൊത്തിയുണ്ടാക്കി കൊടുക്കുകയും അതിനു മുമ്പിൽ ആരാധനാപീഠം പണിത് ഉത്സവം പ്രഖ്യാപിക്കുകയും ചെയ്യുക എന്നത് തികച്ചും അചിന്ത്യമാണ്. സാമിരി ആപത്തിന്റെ മണിമുഴക്കിയപ്പോൾ തന്നെ പ്രവാചകൻ എന്ന നിലക്കും മുഖ്യ പ്രവാചകന്റെ പ്രതിനിധി എന്ന നിലക്കുമുള്ള ഉത്തരവാദിത്വം ഹാറൂൻ നിർവഹിച്ചിട്ടുണ്ട്. അദ്ദേഹം ജനങ്ങളെ ഉൽബോധിപ്പിച്ചു: ഇതു നിങ്ങൾക്കൊരു മഹാപരീക്ഷണമാകുന്നു. അല്ലാഹുവിലും അവന്റെ ദൂതനായ മൂസായിലും ഉള്ള നമ്മുടെ വിശ്വാസവും കൂറും കാമ്പുള്ളതാണോ കാപട്യമാണോ എന്നു പരീക്ഷിക്കുകയാണിവിടെ. സാമിരിക്ക് വഴങ്ങിയാൽ ഈ പരീക്ഷയിൽ നിങ്ങൾ തോറ്റുപോകും. ഈ ഗോപ്രതിമ ഒരിക്കലും നിങ്ങളുടെ ദൈവമാവുകയില്ല. നിങ്ങളുടെ യഥാർഥ വിധാതാവ് പരമകാരുണികനായ അല്ലാഹു മാത്രമാകുന്നു. നിങ്ങളിൽ സംഭവിച്ചുപോയ പാപങ്ങൾ അവൻ പൊറുത്തുതരും. അതിന് നിങ്ങൾ എന്നെ അനുഗമിക്കണം. ഞാൻ പറയുന്നതനുസരിക്കണം. ഒരു പ്രവാചകന്റെ ഉത്തരവാദിത്വബോധം ആവശ്യപ്പെടുന്നതും ഹാറൂനിന്റെ ഈ സമീപനം തന്നെയാണ്.

## 91

**ഹാ**റൂൻ (അ) എത്ര തന്നെ ശ്രമിച്ചിട്ടും ഗോപൂജകരാരും അദ്ദേഹത്തിന്റെ ഉപദേശം ചെവിക്കൊള്ളാൻ കൂട്ടാക്കിയില്ല. താങ്കൾ എന്തൊക്കെ പറഞ്ഞാലും മൂസാ തിരിച്ചെത്തുന്നതുവരെ ഗോപൂജ ഞങ്ങൾ തുടരുക തന്നെ ചെയ്യും. അദ്ദേഹം വന്നിട്ട് എന്തു തീരുമാനിക്കുന്നുവെന്ന് നോക്കാം. സാമിരിയുടെ കെണി അവരുടെ മേൽ എത്രമാത്രം മുറുകിക്കഴിഞ്ഞിരുന്നുവെന്ന് ഈ പ്രതികരണത്തിൽ നിന്നു മനസ്സിലാക്കാം. എങ്കിലും പിന്നീട് കുറേയാളുകൾക്ക് അവർ ചെയ്യുന്നത് വിഡ്ഢിത്തമാണെന്ന തോന്നലുണ്ടായി. പക്ഷെ ചില വിഡ്ഢിത്തങ്ങളിലകപ്പെട്ടുകഴിഞ്ഞാൽ പിന്നെ അതിൽ നിന്ന് പിന്മാറുക അത്ര എളുപ്പമാവില്ലല്ലോ. അത്തരമൊരബദ്ധമായിരുന്നു ഗോപൂജ. ആദ്യം അതിന്റെ ഒത്താശക്കാരായി പ്രവർത്തിച്ചവർക്ക് പെട്ടെന്ന് ഒരു നിമിഷത്തിൽ തങ്ങൾ ഗോദൈവത്തെ കയ്യൊഴിഞ്ഞതായി പ്രഖ്യാപിക്കാനാവില്ലായിരുന്നു. അതിനാൽ മൂസാ തിരിച്ചെത്തുന്നതുവരെ ഗോപൂജ തുടരാൻ അവരും നിർബന്ധിതരായി.

## 92-94

**വ**ചന ക്രമത്തിൽ നിന്ന് മനസ്സിലാകുന്നത് മൂസാ (അ) ആദ്യം ചോദ്യം ചെയ്തത് സമുദായ മുഖ്യന്മാരെയാണെന്നാണ്. അവരുടെ വിശദീകരണം കേട്ടശേഷം സഹോദരൻ ഹാറൂനിന്റെ നേരെ തിരിഞ്ഞു. അദ്ദേഹത്തിനാണല്ലോ ജനത്തെ നേർവഴിക്കു നയിക്കാനുള്ള മുഖ്യ ഉത്തരവാദിത്വം. മൂസാ (അ) അദ്ദേഹത്തോടു ചോദിച്ചു: 'ജനങ്ങൾ വഴിപിഴച്ചതുകണ്ടപ്പോൾ ഞാൻ നൽകിയ നിർദ്ദേശങ്ങളനുസരിച്ചു പ്രവർത്തിക്കാതെ താൻ നിഷ്ക്രിയനായതെന്തുകൊണ്ട്? എന്റെ കൽപനകൾ മനഃപൂർവ്വം ധിക്കരിക്കുകയായിരുന്നുവോ'? ഇവിടെ എന്റെ കൽപന- أَمْرِي കൊണ്ടുദ്ദേശ്യം തൂർമലയിലേക്കു പുറപ്പെടുമ്പോൾ മൂസാ (അ) ഹാറൂനിന്നും സമുദായ നേതാക്കൾക്കും നൽകിയ നിർദേശങ്ങളാണ്. *സൂറഃ അഅ്റാഫ്* 142-ാം സൂക്തത്തിൽ അതിപ്രകാരം സംഗ്രഹിച്ചിട്ടുണ്ട്:

وَقَالَ مُوسَىٰ لِأَخِيهِ هَـٰرُونَ ٱخْلُفْنِي فِي قَوْمِي وَأَصْلِحْ وَلَا تَتَّبِعْ سَبِيلَ ٱلْمُفْسِدِينَ "മൂസാ സഹോദരൻ ഹാറൂനിനോടു പറഞ്ഞു: താൻ ജനത്തിൽ എന്റെ പ്രതിനിധിയായിരിക്കേണം. സംസ്കരണം നടത്തണം. നാശകാരികളുടെ വഴിയേ പോകരുത്." പ്രസ്തുത സൂക്തത്തിനു താഴെ *ഖുർആൻ ബോധനം* ഇക്കാര്യം കൂടുതൽ വിശദീകരിച്ചിരിക്കുന്നു. ഇവിടെ ചോദ്യത്തിന്റെ ശൈലിയിൽ നിന്ന്, ഹാറൂൻ മനപൂർവ്വം തന്റെ കൽപനകൾ ധിക്കരിച്ചതായി മൂസാ (അ) സംശയിക്കുന്നതായി തോന്നാം. അതല്ല ഉദ്ദേശ്യം. മറിച്ച് ഹാറൂനിന്ന് പറയാനുള്ള കാരണങ്ങൾ വിശദമായി അന്വേഷിക്കുകയാണ്. ഗുരുതരമായ ഈ മാർഗഭ്രംശത്തിന്റെ വാതിലടക്കാൻ അദ്ദേഹത്തിനു കഴിയാതെ പോവുകയും കൊടിയ വിഗ്രഹാരാധനക്ക് തലയുയർത്താൻ അവസരം ലഭിക്കുകയും ചെയ്തതെങ്ങനെയെന്ന് വ്യക്തമായി മനസ്സിലാക്കുകയാണ് അദ്ദേഹത്തിന്റെ ലക്ഷ്യം. ഈ ചോദ്യം ചെയ്യൽ മയത്തിലായിരുന്നില്ല. അതിരൂക്ഷമായി ദേഷ്യത്തോടെ അദ്ദേഹം സഹോദരന്റെ താടിയും തലമുടിയും പിടിച്ചു വലിക്കുകയും ചെയ്തു. അതിനുള്ള ഹാറൂനിന്റെ പ്രതികരണമാണ് قَالَ يَبْنَؤُمَّ എന്ന് തുടങ്ങുന്ന വചനം. *അൽ അഅ്റാഫ്* 150-ാം സൂക്തത്തിൽ പറയുന്നത്

قَالَ ٱبْنَ أُمَّ إِنَّ ٱلْقَوْمَ ٱسْتَضْعَفُونِى وَكَادُوا۟ يَقْتُلُونَنِى فَلَا
تُشْمِتْ بِىَ ٱلْأَعْدَآءَ وَلَا تَجْعَلْنِى مَعَ ٱلْقَوْمِ ٱلظَّـٰلِمِينَ

"എന്റെ മാതൃപുത്രാ, ജനം എന്നെ ഒതുക്കിക്കളഞ്ഞു. എന്നെ വധിക്കാൻ വരെ തുനിഞ്ഞിരുന്നു. എന്റെ പേരിൽ ശത്രുക്കൾക്ക് ചിരിക്കാൻ അവസരമുണ്ടാക്കരുതേ, ധർമനിഷേധികളായ ഇക്കൂട്ടരുടെ ഗണത്തിൽ എന്നെ ഉൾപ്പെടുത്തുകയും ചെയ്യരുതേ." മൂസാ നബി ജ്യേഷ്ഠ സഹോദരനിൽ തികഞ്ഞ വിശ്വാസമുള്ളതുകൊണ്ടാണല്ലോ അദ്ദേഹത്തെ സഹപ്രവാചകനായി നിയോഗിക്കണമെന്ന് അല്ലാഹുവിനോടർഥിച്ചത്. പക്ഷെ, തന്റെ അഭാവത്തിൽ സമുദായത്തെ നിലക്കുനിറുത്തുന്നതിൽ അദ്ദേഹത്തിനുണ്ടായ അക്ഷന്തവ്യമായ പരാജയം മൂസാ നബിയിൽ രൂക്ഷമായ ധാർമിക രോഷമുണർത്തി. അനിയന്ത്രിതമായ വികാരാവേശത്താൽ സഹോദരന്റെ താടിയും തലയും പിടിച്ചുവലിച്ചു. ഭൗതിക കാര്യങ്ങളിൽ കൈക്കൊ

ള്ളുന്ന സഹിഷ്ണുതയും വിട്ടുവീഴ്ചയും പ്രവാചകന്മാർ മൗലികമായ ആദർശ വിഷയങ്ങളിൽ കൈക്കൊള്ളുകയില്ല; അത് എത്ര ഉറ്റവരായാലും. ആദർശകാര്യങ്ങളിൽ കൂടുതൽ ഉറ്റവരോട് കൂടുതൽ കർക്കശമായി വർത്തിക്കുകയാണവരുടെ രീതി. ഭൗതികന്മാരുടെ നിലപാട് ഇതിൽനിന്ന് തികച്ചും വ്യത്യസ്തമാകുന്നു. അവർ പണവും പദവികളും പോലുള്ള ഭൗതിക വിഷയങ്ങളിൽ എത്ര ഉറ്റവരെയും കഠിനമായി വിചാരണ ചെയ്യും. ചിലപ്പോൾ മക്കൾ പിതാവിനെയും പിതാവ് മക്കളേയും കൊല്ലാൻ വരെ തയാറാകും. പക്ഷേ ദൈവികവും ആത്മീയവുമായ കാര്യങ്ങളിലുള്ള മാർഗച്യുതികൾ അവരിൽ യാതൊരു രോഷവുമുളവാക്കുന്നില്ല. അത്തരം കാര്യങ്ങളിൽ ഭിന്ന ധ്രുവങ്ങളിലുള്ളവർ തമ്മിൽ ഐക്യവും സാഹോദര്യവും സഹിഷ്ണുതയുമൊക്കെ അഭംഗുരം തുടരും. എന്നാൽ അല്ലാഹുവിനുവേണ്ടി സ്നേഹിക്കുകയും അല്ലാഹുവിനുവേണ്ടി കോപിക്കുകയും ചെയ്യുന്നവർക്ക് അതിനു കഴിയില്ല.

ഹാറൂൻ നബിയുടെ മറുപടി വളരെ സ്നേഹമസൃണമാണ്. സഹോദരാ എന്ന അർഥത്തിൽ അദ്ദേഹം വിളിച്ചത് يَبْنَؤُمَّ (എന്റെ മാതാവിന്റെ മകനേ) എന്നാണ്. ഒരേ ഉദരത്തിൽ ജനിക്കുകയും ഒരേ മുലപ്പാലുണ്ട് വളരുകയും ചെയ്തവനേ എന്നാണതിന്റെ ധ്വനി. ജനങ്ങളുടെ മാർഗഭ്രംശം തടയാൻ സമാധാനപരമായി ചെയ്യാവുന്നതെല്ലാം ഞാൻ ചെയ്തിരിക്കുന്നു. കാളക്കിടാവിന്റെ ആവിർഭാവത്തെ അല്ലാഹുവിന്റെ പരീക്ഷണമായി കാണണമെന്ന് അവരെ ബോധ്യപ്പെടുത്താൻ ആവതും ശ്രമിച്ചു. പക്ഷേ ജനത്തിൽ വലിയൊരു വിഭാഗം എന്റെ വാക്കുകൾ കേൾക്കാൻ തയാറായില്ല. സാമിരിയും അവന്റെ കാളക്കുട്ടിയും അത്രമേൽ അവരെ ആകർഷിച്ചിരുന്നു. ഗോപൂജയെ എതിർക്കുന്നത് സമുദായ ദ്രോഹമായിട്ടാണവർ വിലയിരുത്തിയത്. ഈ സാഹചര്യത്തിൽ ഞാൻ കൂടുതൽ കടുത്ത നിലപാടു സ്വീകരിച്ചിരുന്നുവെങ്കിൽ ഇസ്റാഈൽ സമുദായം രണ്ടായി പിളരുകയും ആഭ്യന്തര സംഘട്ടനത്തിലേക്കു നീങ്ങുകയും ചെയ്യുമായിരുന്നു. അതിനാൽ നീ തിരിച്ചെത്തുന്നതുവരെ കാത്തിരിക്കാൻ ഞാൻ തീരുമാനിച്ചു. ബദ്ധപ്പെട്ട് കടുത്ത നടപടിയിലേക്കു നീങ്ങിയാൽ നിന്റെ തീരുമാനം കാക്കാതെ ഞാൻ ഇസ്റാഈല്യരെ ഭിന്നിപ്പിച്ചുകളഞ്ഞുവെന്ന് നീ ആക്ഷേപിക്കുമെന്ന് ഞാൻ ഭയപ്പെട്ടു. ഇതാണ് ഹാറൂൻ (അ)ബോധിപ്പിക്കുന്നത്. *സൂറഃ അൽഅഅ്റാഫി*ലെ-

وَكَادُوا۟ يَقْتُلُونَنِى فَلَا تُشْمِتْ بِىَ ٱلْأَعْدَآءَ എന്ന വാക്യം ഈ വ്യാഖ്യാനത്തെ ബലപ്പെടുത്തുന്നു. ഗോപൂജ അനുവദിച്ചില്ലെങ്കിൽ നിസ്സംശയം ഹാറൂനിനെ കൊല്ലാൻവരെ ജനം തുനിഞ്ഞിരുന്നു. 'എന്റെ പേരിൽ നീ ശത്രുക്കൾക്ക് ചിരിക്കാൻ അവസരമുണ്ടാക്കരുതേ' എന്ന വാക്യം ആ സമൂഹത്തിൽ അവർക്ക് പ്രബലമായ ശത്രുക്കളുണ്ടായിരുന്നു എന്നും സൂചിപ്പിക്കുന്നു. സമുദായത്തെ ഭിന്നിപ്പിച്ച് സ്വന്തം സ്വാധീനത്തിലും അധികാരത്തിലും കൊണ്ടുവരികയായിരുന്നു അവരുടെ ലക്ഷ്യം. അവർക്ക് അവസരം നൽകാതിരിക്കാൻ വേണ്ടിയാണ് ഗോപൂജക്കെതിരെ പെട്ടെന്ന് കടുത്ത നടപടികളിലേക്കു പോകാതിരുന്നത്. ഹാറൂനിനെതിരെ മൂസാ നബിയുടെ കൈയേറ്റം അവരെ സന്തോഷിപ്പിക്കാനാണുതകുക. സമുദായ ശൈഥില്യമാഗ്രഹിക്കുന്നവരെ അങ്ങനെ സഹായിക്കരുതെന്നാണ് ഹാറൂൻ അഭ്യർഥിക്കുന്നത്. ഇസ്റാഈല്യരുടെ ഐക്യത്തിലും കെട്ടുറപ്പിലും ഹാറൂനിനുണ്ടായിരുന്ന ഈ ജാഗ്രത ഹാറൂൻ സ്വന്തം നിലക്ക് സ്വീകരിച്ച നിലപാടല്ല, അല്ലാഹുവിങ്കൽ നിന്നുള്ള വെളിപാടനുസരിച്ച് മൂസാ (അ) അദ്ദേഹത്തിനു നൽകിയ നിർദേശങ്ങളുടെ ഭാഗം തന്നെയാണ്. രണ്ടു വഴികളാണ് ഹാറൂന്റെ മുമ്പിലുണ്ടായിരുന്നത്. ഒന്നുകിൽ സമുദായം ഭിന്നിക്കുന്നതും പരസ്പരം സംഘട്ടനത്തിലേർപ്പെടുന്നതും അവഗണിച്ചുകൊണ്ട് എന്തു വിലകൊടുത്തും ഗോപൂജയെ തടയാൻ ഇറങ്ങിപ്പുറപ്പെടുക. അല്ലെങ്കിൽ സമുദായത്തിന്റെ ഐക്യം കാത്തുസൂക്ഷിച്ചുകൊണ്ട് പ്രശ്നപരിഹാരത്തിന് മൂസാ നബിയുടെ നിർദ്ദേശം വരുന്നതുവരെ കാത്തിരിക്കുക. രണ്ടിലും ദീനിന്റെയും സമദായത്തിന്റെയും ഉത്തമ തൽപര്യമുണ്ട്. ആ സന്ദർഭത്തിൽ തെരഞ്ഞെടുക്കാനുചിതം രണ്ടാമത്തെ മാർഗമാണെന്ന് ഹാറൂൻ നബി കരുതി.

സഹോദരൻ സ്വീകരിച്ച ആ നിലപാടിനെ മൂസാ നബി ആക്ഷേപിക്കന്നില്ല. പൂർണമായി സ്വീകരിച്ചതായും വ്യക്തമാകുന്നില്ല. അദ്ദേഹം ഹാറൂന്റ വിചാരണ അവിടെ അവസാനിപ്പിക്കുകയായിരുന്നു. സമുദായ ഐക്യത്തിന്റെ പ്രാധാന്യം തീർച്ചായായും ഈ സൂക്തം പ്രകാശിപ്പിക്കുന്നുണ്ട്. എന്നാൽ സമുദായ ഐക്യത്തിന്റെ പേരിൽ ബിദ്അത്തുകളെ എതിർക്കേണ്ടതില്ലെന്നോ ശിർക്കിനെ അംഗീകരിച്ചാലാണ് ഐക്യം നിലനിൽക്കുകയെങ്കിൽ അങ്ങനെ ചെയ്യണമെന്നോ ഇതിൽ നിന്ന് മനസ്സിലാക്കുന്നത് മഹാ അബദ്ധമായിരിക്കും. കാരണം, സമുദായത്തിന്റെ മാർഗഭ്രംശത്തെ ഹാറൂൻ (അ) ആദ്യമേ ശക്തിയായി എതിർത്തിരുന്നുവെന്ന് 90-ാം സൂക്തം അസന്ദിഗ്ധമായി പ്രസ്താവിക്കുന്നുണ്ട്. ജനം അതു ചെവിക്കൊള്ളാൻ തയാറാവാതെ അദ്ദേഹത്തെ വധിക്കാനൊരുമ്പെടുകയാണുണ്ടായതെന്ന് *അൽ അഅ്റാഫ്* 150-ാം സൂക്തം പറയുന്നു. സമുദായത്തിൽ പെട്ടന്ന് ഒരാഭ്യന്തര യുദ്ധത്തിനു തുടക്കം കുറിക്കാതെ മൂസാ(അ)യുടെ ആഗമനം കാത്തിരിക്കുക മാത്രമാണ് അദ്ദേഹം ചെയ്തതെന്ന് ഈ സുക്തത്തിൽ നിന്ന് വ്യക്തമാകുന്നു. ഇത് ഐക്യത്തിനുവേണ്ടി അദ്ദേഹം ശിർക്കിനോടു രാജിയായതായിരുന്നില്ല. ഗുരുതരമായ ഈ തിന്മ ഇല്ലാതാക്കേണ്ടതെങ്ങനെയെന്ന് താനൊറ്റക്ക് തീരുമാനിച്ചാൽ മതിയാകുമായിരുന്നില്ല. ഏതാനും ദിവസത്തിനകം എത്തിച്ചേരുന്ന, തന്റെകൂടി നായകനായ മൂസാ പ്രവാചകന്റെ കൽപന കാത്തിരിക്കേണ്ടതുണ്ടായിരുന്നു. ഇത് ഐക്യത്തിനുവേണ്ടി തൗഹീദിനെ ബലികഴിക്കലല്ല. ആത്യന്തികമായ നടപടിയിലേക്കിറങ്ങുന്നതിന് മുമ്പ് മുകളിൽ നിന്നുള്ള നിർദേശം കാത്തിരിക്കലാണ്. ഇങ്ങനെ തന്റെ മുകളിലുള്ള പ്രവാചകന്റെ ആഗമനമോ നിർദേശമോ കാത്തിരിക്കാനില്ലാത്ത സാഹചര്യങ്ങളിൽ ആ സാഹചര്യം ആവശ്യപ്പെടുന്ന പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിനെ സൂക്തം ഒരിക്കലും വിലക്കുന്നില്ല. മൂസാ നബി ഗോപൂജകർക്കെതിരെ സ്വീകരിച്ച നടപടി തന്നെ അതിന്റെ വ്യക്തമായ തെളിവാണ്. ആ കുറ്റത്തിന്റെ പേരിൽ മൂവായിരത്തിലേറെ ഇസ്രാഈല്യർ വധശിക്ഷക്ക് വിധേയരായി എന്നാണ് ചരിത്രം പറയുന്നത്. ഹാറൂൻ ഭയപ്പെട്ട വിഭാഗീയതയും ജീവനാശവും തന്നെയാണല്ലോ മൂസാ (അ) കൈക്കൊണ്ട നടപടിയുടെ ഫലം. ഗോപൂജാ വിഭാഗത്തെ ഉന്മൂലനം ചെയ്യുകയായിരുന്നു അദ്ദേഹം. ■